**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6803** **11-07-2024 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലയിലെ ഡിജിറ്റൽ റീ-സർവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിൽ ഡിജിറ്റൽ റീ-സർവേകൾ പൂർത്തിയായിട്ടുണ്ടോ; | (എ) | ഇടുക്കി ജില്ലയിൽ ആകെയുള്ള 68 വില്ലേജുകളിൽ ഡിജിറ്റൽ സർവെയുടെ ആദ്യഘട്ടത്തിൽ 13 വില്ലേജുകൾ ഉൾപ്പെട്ടിരുന്നതും ആയതിൽ ഇരട്ടയാർ, വാത്തിക്കുടി, രാജാക്കാട്, കൽക്കുന്തൽ, മഞ്ചുമല, പെരിയാർ, ഇടുക്കി എന്നീ 7 വില്ലേജുകളുടെ സർവെ നടപടികൾ പൂർത്തിയാക്കി സർവെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. തുടർ നടപടികൾ നടന്നുവരുന്നു. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ 11 വില്ലേജുകളിൽ മണക്കാട് വില്ലേജിന്റെ 99% ജോലികൾ പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള 10 വില്ലേജുകളുടെ പ്രാരംഭ പ്രവർത്തികളും പുരോഗമിക്കുന്നു. |
| (ബി) | ഡിജിറ്റൽ റീ-സർവേ പൂർത്തിയായിട്ടും സോഫ്റ്റ്‌വെയറിന്റെ പോരായ്മ മൂലം ഇപ്പോഴും റീ-സർവേ പ്രകാരമുള്ള ഇടപാടുകൾ സുഗമമായി നടക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രാജ്യത്തു തന്നെ ഏറ്റവും കൃത്യത വരുന്ന ഉപകരണങ്ങളും സാങ്കേതിക വിദ്യയുമാണ് ഡിജിറ്റൽ സർവ്വേയുടെ പ്രത്യേകത. സർവ്വേ പൂർത്തീകരിച്ച് സർവ്വേ അതിരടയാള നിയമം പ്രകാരം 9(2) പ്രസിദ്ധീകരിച്ചാൽ ഭൂവുടമക്ക് ഏതെങ്കിലും തർക്കമുണ്ടെങ്കിൽ അപ്പോൾ തന്നെ എന്റെ ഭൂമി പോർട്ടലിലോ, നേരിട്ടോ പരാതി നൽകിയാൽ അതു പരിശോധിച്ച് പരിഹാരം ലഭ്യമാക്കുന്നതാണ്. 9(2) പ്രസിദ്ധീകരിച്ചാൽ 30 ദിവസം പരാതി നൽകാനുള്ള സമയം ലഭ്യമാകും. ഇതിനുശേഷമേ 13 പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കൂ. ഡിജിറ്റൽ സർവെ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ "എന്റെ ഭൂമി" പോർട്ടൽ മുഖേന പുരോഗമിച്ചുവരുന്നു.<br>പദ്ധതി പൂർത്തിയാകുന്നതോടെ സർവെ, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളുടെ ഭൂസംബന്ധമായ സേവനങ്ങൾ സംയോജിപ്പിച്ച് "ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം" (ILIMS) മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങളുടെ ട്രയൽ റൺ നിലവിൽ NIC മുഖേന നടന്നുവരുന്നു. |
| (സി) | നിലവിൽ ഏതെല്ലാം വില്ലേജുകളിലാണ് ഈ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്; വിശദാംശം നൽകാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രാജ്യത്ത് തന്നെ ഏറ്റവും കൃത്യത വരുന്ന ഉപകരണങ്ങളും സാങ്കേതിക വിദ്യയുമാണ് ഡിജിറ്റൽ സർവ്വേയുടെ പ്രത്യേകത. സർവ്വേ പൂർത്തീകരിച്ച് സർവ്വേ അതിരടയാള നിയമം പ്രകാരം 9(2) പ്രസിദ്ധീകരിച്ചാൽ ഭൂവുടമക്ക് ഏതെങ്കിലും തർക്കമുണ്ടെങ്കിൽ അപ്പോൾ തന്നെ എന്റെ ഭൂമി പോർട്ടലിലോ, നേരിട്ടോ പരാതി നൽകിയാൽ അത് പരിശോധിച്ച് പരിഹാരം ലഭ്യമാക്കുന്നതാണ്. 9(2) പ്രസിദ്ധീകരിച്ചാൽ 30 ദിവസം പരാതി നൽകാനുള്ള സമയം ലഭ്യമാകും. ഇതിനുശേഷമേ 13 പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കൂ. ഡിജിറ്റൽ സർവെ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ "എന്റെ ഭൂമി" പോർട്ടൽ മുഖേന പുരോഗമിച്ചുവരുന്നു.<br>പദ്ധതി പൂർത്തിയാകുന്നതോടെ സർവെ, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളുടെ ഭൂസംബന്ധമായ സേവനങ്ങൾ സംയോജിപ്പിച്ച് "ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം" (ILIMS) മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ട്രയൽ റൺ നിലവിൽ NIC മുഖേന നടന്നുവരുന്നു. |
| (ഡി) | ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രാജ്യത്ത് തന്നെ ഏറ്റവും കൃത്യത വരുന്ന ഉപകരണങ്ങളും സാങ്കേതിക വിദ്യയുമാണ് ഡിജിറ്റൽ സർവ്വേയുടെ പ്രത്യേകത. സർവ്വേ പൂർത്തീകരിച്ച് സർവ്വേ അതിരടയാള നിയമം പ്രകാരം 9(2) പ്രസിദ്ധീകരിച്ചാൽ ഭൂവുടമക്ക് ഏതെങ്കിലും തർക്കമുണ്ടെങ്കിൽ അപ്പോൾ തന്നെ എന്റെ ഭൂമി പോർട്ടലിലോ, നേരിട്ടോ പരാതി നൽകിയാൽ അത് പരിശോധിച്ച് പരിഹാരം ലഭ്യമാക്കുന്നതാണ്. 9(2) പ്രസിദ്ധീകരിച്ചാൽ 30 ദിവസം പരാതി നൽകാനുള്ള സമയം ലഭ്യമാകും. ഇതിനുശേഷമേ 13 പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കൂ. ഡിജിറ്റൽ സർവെ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ "എന്റെ ഭൂമി" പോർട്ടൽ മുഖേന പുരോഗമിച്ചുവരുന്നു.<br>പദ്ധതി പൂർത്തിയാകുന്നതോടെ സർവെ, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളുടെ ഭൂസംബന്ധമായ സേവനങ്ങൾ സംയോജിപ്പിച്ച് "ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം" (ILIMS) മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ട്രയൽ റൺ നിലവിൽ NIC മുഖേന നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ